# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 681 — 01/12/2015-ൽ മറുപടിയ്ക്ക്

## ആദിവാസികൾക്കായുള്ള ക്ഷേമ പദ്ധതികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ഇ. കെ. വിജയൻ : | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) | ആദിവാസികളുടെ ക്ഷേമത്തിനായി 2014-15 വർഷത്തിൽ ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട് ; | (എ) | ആദിവാസി ക്ഷേമത്തിനായി 2014-15 വർഷത്തിൽ ബജറ്റിൽ 52199.20 രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | ഇത് ഫലപ്രദമായി വിനിയോഗിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) & (സി) | പട്ടികവർഗ്ഗ മേഖലയിൽ പദ്ധതികൾ നടപ്പിലാക്കുമ്പോൾ പരമാവധി പ്രയോജനം അവർക്കുതന്നെ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ ക്ഷേമ കാര്യങ്ങൾക്ക് അനുവദിയ്ക്കുന്ന തുക അതാത് പദ്ധതികൾക്ക് തന്നെ കാര്യക്ഷമതയോടുകൂടി പദ്ധതി നിർവ്വഹണം നടത്തി മുഴുവൻ തുകയും ചെലവഴിക്കുന്നതിന് വകുപ്പ് അതീവ ജാഗ്രത പാലിക്കാറുണ്ട്. ഇതിനായി വകുപ്പദ്ധ്യക്ഷൻമാർ വകുപ്പുതല അവലോകന യോഗങ്ങൾ നടത്തി ജില്ലാതല നിയന്ത്രണോദ്യോഗസ്ഥർക്ക് കാര്യക്ഷമതയോടുകൂടി പദ്ധതി നിർവ്വഹണം നടത്തുന്നതിന് ആവശ്യമായ നിർദ്ദേശം നൽകി പദ്ധതി പുരോഗതി കൈവരിക്കാറുണ്ട്.<br><br>വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന പദ്ധതികളുടെ അവലോകനത്തിന് ജില്ലാ ഓഫീസർമാരുടെ യോഗം എല്ലാ മാസവും ചേർന്ന് വിലയിരുത്തുന്നുണ്ട്. |
| (സി) | പ്രസ്തുത ഫണ്ടിന്റെ മോണിറ്ററിങ് ചെയ്യുന്നതിന് നിലവിലുള്ള സംവിധാനം എന്താണ് ? | | |

| | | | |
|---|---|---|---|
| | | | പട്ടികവർഗ്ഗ മേഖലയിൽ തന്നെ തുക വിനിയോഗിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനായി വകുപ്പുതല അവലോകന യോഗങ്ങൾ നടത്തുന്നുണ്ട്.<br><br>പദ്ധതി നടത്തിപ്പ് ഏകോപിപ്പിക്കുന്നതിനായി ഡയറക്ടറേറ്റിൽ ഒരു പ്ലാനിംഗ് മോണിറ്ററിംഗ് സെൽ നിലവിലുണ്ട്. 2012-13 സാമ്പത്തിക വർഷം മുതൽ കോർപ്പസ് ഫണ്ട് ചെലവഴിക്കുന്നതിനുള്ള നടപടികൾ ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതി യോടെ സ്ഥലം എം.എൽ.എ ചെയർമാനായും പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസർ കൺവീനറായും ബന്ധപ്പെട്ട വകുപ്പിന്റെ ജില്ലാ മേധാവി ബന്ധപ്പെട്ട പഞ്ചായത്ത് പ്രസിഡന്റ് ഇതര ജനപ്രതിനിധികൾ എന്നിവർ മെമ്പർ മാരുമായ ഒരു കമ്മിറ്റിയുടെ നിരീക്ഷണത്തി ലാണ് നടത്തി വരുന്നത്.<br><br>പദ്ധതി നടത്തിപ്പിന്റെ സാമ്പത്തിക ഭൗതിക നേട്ടങ്ങൾ ജില്ലാ ഓഫീസർമാർ നേരിട്ട് വിലയിരുത്തുകയും ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാതലത്തിൽ ചേരുന്ന ജില്ലാവികസന സമിതി യോഗത്തിലും വിലയിരുത്തുന്നുണ്ട്. ഡയറക്ടറേറ്റിൽ നിന്നുള്ള നിയന്ത്രണ ഉദ്യോഗസ്ഥർ ഉൾപ്പെട്ട ഒരു സംഘം എല്ലാ ജില്ലകളിലും സന്ദർശനം നടത്തി പുരോഗതി വിലയിരുത്തുന്നുണ്ട്. പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടർ ചെയർമാനായും കൺവീനറായും ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ ഓഫീസർമാർ എന്നിവർ അംഗങ്ങളുമായ ഒരു കമ്മിറ്റി പദ്ധതി വിനിയോഗം വിലയിരുത്തുന്നുണ്ട്. കൂടാതെ സർക്കാർ തലത്തിലുള്ള അവലോകനം നടത്തുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | ജില്ലാതല ഉദ്യോഗസ്ഥർ എല്ലാ മാസവും 5-ാം തീയതിക്കകം മാസാന്ത്യ പദ്ധതി പുരോഗതി വിവരം ഡയറക്ടറുടെ വിലയിരുത്തലി ... നായി ലഭ്യമാക്കുന്നുണ്ട്. അതുപോലെ തന്നെ ജില്ലാ തലത്തിൽ വിലയിരുത്തലിനായി ജില്ലാകളക്ടർക്കും നല്കുന്നുണ്ട്. എല്ലാ മാസവും അവസാന ശനിയാഴ്ച ചേരുന്ന ജില്ലാ വികസന സമിതി യോഗത്തിൽ ജില്ലാതലത്തിലുള്ള പദ്ധതി നിർവ്വഹണ പുരോഗതി അവലോകനം ചെയ്യുന്നുണ്ട്.<br><br>ജില്ലാതലത്തിൽ ജില്ലാകളക്ടർ അദ്ധ്യക്ഷ നായുള്ള എംപവേർഡ് കമ്മിറ്റി പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസർമാരുടെ സഹായത്തോടുകൂടി മേഖലാ കേന്ദ്രീകൃത കമ്മിറ്റി കളുടെ പ്രവർത്തനം വിലയിരുത്തുകയും, മോണിറ്ററിംഗ് നടത്തുകയും പദ്ധതി നിർവ്വഹണവു മായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്യുന്നു.<br><br>സംസ്ഥാനതലത്തിൽ രൂപീകരിച്ചിട്ടുള്ള ഹൈ ലെവൽ കമ്മിറ്റിയിൽ ജില്ലാകളക്ടർമാരുമായും, വകുപ്പ ജില്ലാതല ഉദ്യോഗസ്ഥൻമാരുമായും വീഡിയോ കോൺഫറൻസിംഗ് വഴി പദ്ധതി പുരോഗതി വിലയിരുത്തുന്നുണ്ട്.<br><br>ഇപ്രകാരമുള്ള പ്രവർത്തനങ്ങളുടെ ഫലമായി പട്ടികവർഗ്ഗവികസനത്തിന് അനുവദിക്കുന്ന ഫണ്ട് സമയബന്ധിതമായി ചെലവഴിക്കുന്നതിന്റെ പുരോഗതി വിലയിരുത്താൻ സാധിക്കുന്നുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ